## Second Terminal Evaluation 2025-26  Class 9 - BIOLOGY

| **Answer Key (Mal medium)** | |
|---|---|
| 1. a). പ്രസ്താവന ശരി, കാരണം തെറ്റ്  2. ആൽക്കഹോൾ, കാർബൺ ഡൈഓക്സൈഡ്.<br>3. b). P-iv, Q- iii, R- ii, S- i  4. c) i തെറ്റ്,  ii, iii ശരി | **4x1** |
| 5. X (ഇന്റർകോസ്റ്റൽ പേശികൾ), Y (ഡയഫ്രം) എന്നിയുടെ സങ്കോചത്താൽ ഔരസാശയ വ്യാപ്തം കുറയുകയും വായു മർദം കുറഞ്ഞ് ശ്വാസകോശങ്ങൾക്കുള്ളിലേക്ക് വായു പ്രവേശിക്കുകയും (ഉച്ഛ്വാസം) ചെയ്യുന്നു.<br>6. A .a). ഉപ്പിലിട്ട മാങ്ങയിലെ കോശങ്ങളിൽ നിന്നും ജലം, ഉപ്പുലായനിയിലേക്ക് പ്രവേശിക്കുന്നു.<br>b). ശുദ്ധജലത്തിലിട്ട് വിത്തുകളിലെ കോശങ്ങളിലേക്ക് ജലം പ്രവേശിക്കുന്നു.<br>**OR** B. a). ഡിഫ്യൂഷൻ വഴി.  b). ഫെസിലിറ്റേറ്റഡ് ഡിഫ്യൂഷൻ (വാഹക പ്രോട്ടീനുകളുടെ സഹായത്തോടെ)<br>7. യോജിക്കുന്നു. മൂത്രപഥത്തിലുള്ള ബാക്ടീരിയ പുറന്തള്ളാതെവന്നാൽ മൂത്രപഥത്തിൽ അണുബാധയുണ്ടാകും<br>8. a). X ൽ (മണ്ണിരയിൽ) ജലം നിറഞ്ഞ ഹൈഡ്രോസ്കെലിട്ടൺ. Y ൽ (ഞണ്ടിൽ കാൽസ്യം കാർബണേറ്റ് കൊണ്ടുള്ള ബാഹ്യാസ്ഥികൂടം (എക്സോ സ്കെലിട്ടൺ)<br>b). സംരക്ഷണം, ആകൃതി, ചലനവും സഞ്ചാരവും.<br>9. പകൽ പ്രകാശസംശ്ലേഷണനിരക്ക് കൂടിയതിനാൽ ഉണ്ടാകുന്ന ഓക്സിജനിൽ കുറച്ചുഭാഗം ശ്വസനത്തിനായി വിനിയോഗിക്കുകയും അപ്പോൾ പുറന്തള്ളുന്ന കാർബൺഡൈഓക്സൈഡിനെ പ്രകാശസംശ്ലേഷണത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു.<br>10.A  a). ജലം വിഘടിച്ചുണ്ടാകുന്ന ഹൈഡ്രജനെയാണ് ഗ്ലൂക്കോസ് നിർമാണത്തിന് ഉപയോഗപ്പെടുത്തുന്നത്.<br>b). ഹൈഡ്രജനും കാർബൺഡൈഓക്സൈഡും. (ഇതിന് ഊർജം ആവശ്യമാണ്)<br>**OR** B. a). ഉണ്ടാകുന്ന ഗ്ലൂക്കോസ് ജലത്തിൽ എളുപ്പം ലയിക്കുന്ന വസ്തുവായതുകൊണ്ട്.<br>b). അന്നജം, സൂക്രോസ്, ഫ്രക്ടോസ്, പ്രോട്ടീൻ, കൊഴുപ്പ്, വിറ്റാമിനുകൾ, ധാതുക്കൾ (Any 2)<br>11. a). പാലുൽപന്നങ്ങൾ, മത്സ്യം, ഇലക്കറികൾ, മുട്ട, ഇറച്ചി ..<br>b). കാൽസ്യം ആഗിരണം ചെയ്യാൻ സഹായകമായ വിറ്റാമിൻ D ലഭിക്കുന്നതിന് വെയിൽ സഹായിക്കും. | **7x2** |
| 12. a). സിസ്റ്റോളിക് മർദം, ഡയസ്റ്റോളിക് മർദം.<br>b). 120/80mmHg എന്ന നിരക്കിനേക്കാൾ കൂടുതലാണ്, ഉയർന്ന രക്തസമ്മർദം (ഹൈപ്പർ ടെൻഷൻ).<br>13. A a). X- പെരിഓസ്റ്റിയം. ഇത് അസ്ഥിയെ ആവരണം ചെയ്ത് സംരക്ഷിക്കുന്നു.<br>b). കാൽസ്യം, ഫോസ്ഫേറ്റ് , കൊളാജൻ പ്രോട്ടീൻ, ലവണങ്ങൾ<br>c). ധാതുക്കളെ നിക്ഷേപിച്ച് എല്ലുകളെ ശക്തവും ദൃഢവുമാക്കുന്നു, വളർച്ച,  കേടുപാടുകൾ പരിഹരിക്കൽ<br>**OR** B a). X- തരുണാസ്ഥി.   b). അസ്ഥികൾ തമ്മിലുള്ള ഘർഷണം കുറയ്ക്കാൻ സഹായിക്കുന്നു.<br>c). തരുണാസ്ഥിയിൽ രക്തക്കുഴലോ നാഡിയോ ഇല്ലാത്തതിനാൽ വളർച്ച സാവകാശത്തിലാണ്.<br>14. a). സൈലം.   b). ഓസ്മോസിസ്, റൂട്ട് പ്രഷർ, കൊഹിഷൻ-അഡ്ഹീഷൻ ബലങ്ങൾ, സസ്യസ്വേദനം.<br>c). കോശങ്ങൾ മൃതമാവുമ്പോൾ കുറുകെയുള്ളഭിത്തികൾ നശിച്ചുപോകുന്നതിനാൽ.<br>15.  a). X- ലിഗമെന്റ് / കാപ്സ്യൂൾ  Y- സൈനോവിയൽ ദ്രവം<br>b.അസ്ഥികൾ തമ്മിലുള്ള ഘർഷണം കുറച്ച് ചലനം സുഗമമാക്കാൻ സഹായിക്കുന്നു.<br>16. A. ഗ്ലൈക്കോളിസിസ്- കോശദ്രവ്യത്തിൽ നടക്കുന്നു, ഓക്സിജൻ ആവശ്യമില്ല, പങ്കെടുക്കുന്നത് ഗ്ലൂക്കോസ്<br>ക്രെബ്സ് സൈക്കിൾ – മൈറ്റോകോൺഡ്രിയയിൽ, ഓക്സിജൻ ആവശ്യമാണ്, കൂടാതെ പൈറൂവിക് ആസിഡും ഊർജത്തിന്റെ സഹായവും വേണം.<br>**OR** B a). ഓരോ ഹീമോഗ്ലോബിൻ തൻമാത്രയും നാല് ഓക്സിജൻ തൻമാത്രകളെ വീതം സംവഹനം ചെയ്യുന്നു<br>b). RBC യിലെ ജലത്തിൽ ലയിച്ച് ബൈകാർബണേറ്റായോ, അതിലെ ഹീമോഗ്ലോബിനുമായി ചേർന്ന് കാർബമിനോഹീമോഗ്ലോബിൻ ആയോ സംവഹനം ചെയ്യപ്പെടുന്നു.<br>17.  a).  P- മൃദുലപേശി  Q- അസ്ഥിപേശി<br>b). മൃദുലപേശികളിൽ കുറുവരകളില്ലാത്ത, സ്പിൻഡിൽ ആകൃതിയുള്ള കോശങ്ങൾ. അസ്ഥിപേശികളിൽ കുറുവരകളുള്ള, ദണ്ഡാകൃതിയുള്ള (സിലിണ്ട്രിക്കൽ) കോശങ്ങൾ.<br>c). Q- അസ്ഥിപേശിയാണ് ഐഛികപേശി.  കൈകാലുകൾ, കഴുത്ത്, മുഖം... | **6x3** |
| 18. A a). X- കരൾ,  Y- വൃക്ക.     b).  അമോണിയ, കാർബൺഡൈഓക്സൈഡും ജലവുമായി ചേർന്ന്.<br>c). സൂക്ഷ്മ അരിക്കൽ, പുനരാഗിരണം, സ്രവണം.<br>d). അതിലെ 99% രക്തത്തിലേക്ക് പുനരാഗിരണം ചെയ്യപ്പെടുന്നതിനാൽ.<br>**OR** B a). X-അഫറന്റ് വെസൽ, Y- ഇഫറന്റ് വെസൽ.<br>b). ഗ്ലോമറുലാർ ഫിൽട്രേറ്റ്. ഇതിൽ നിന്നും ശരീരത്തനാവശ്യമായവ പുനരാഗിരണം ചെയ്യും ചിലത് സ്രവിക്കപ്പെട്ടും മൂത്രമായി മാറുന്നു.<br>c). X(അഫറന്റ് വെസൽ)ന്റയും Y(ഇഫറന്റ് വെസൽ)ന്റെയും വ്യാസവ്യത്യാസം മൂലം സൂക്ഷ്മ അരിക്കൽ പ്രക്രിയയ്ക്കാവശ്യമായ മർദ്ദം നിലനിർത്തപ്പെടുന്നു.<br>d). വൃക്കാധമനിയിൽ വിസർജ്യവസ്തുക്കൾ കൂടുതലുള്ള രക്തം, വൃക്കാസിരയിൽ അവ കുറവുള്ള രക്തം.<br><br>Prepared by **Rasheed Odakkal**, GVHSS Kondotty | **1x4**<br><br>**(40)** |